# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

(സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ)

(ഹാജർ.ശ്രീമതി.അനുപമ റ്റി.വി. ഐ.എ.എസ്., വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി, SCPS)

വിഷയം : വനിത ശിശുവികസന വകുപ്പ് - ഐ.സി.പി.എസ് - ഓ.ആർ.സി. - ഓ.ആർ.സി.യുടെ ഭാഗമായി ജില്ലാതല ഇന്റർവെൻഷൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിനുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. 17.12.2020 ലെ സർക്കാർ ഉത്തരവ് നമ്പർ.G.O.(Rt) No.711/2020/SJD
2.12.03.2021 ലെ കൊല്ലം ഡി.സി.പി.ഒ. യുടെ കത്ത് നം.ഡി.സി.പി.യു/കെ.എൽ.എം/ഇ1/394/21

## ഉത്തരവ് നമ്പർ ICPS 4(C)/2954/20 തീയതി : 17.03.2021

ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി.) പദ്ധതിയ്ക്ക് ഈ അദ്ധ്യയന വർഷം വിവിധ വെല്ലുവിളികളനുഭവിക്കുന്ന കുട്ടികൾക്ക് ശാസ്ത്രീയ ഇടപെടലുകൾ ഉറപ്പാക്കുന്നതിൻെറ ഭാഗമായി അവരുമായി ബന്ധപ്പെട്ടിരിക്കുന്ന വിവിധ തലങ്ങളിൽ ഏകോപനം സാധ്യമാക്കേണ്ടതും പരിശീലനം സംഘടിപ്പിക്കേണ്ടതുമുണ്ട്.

പരാമർശം (1) പ്രകാരം ഫണ്ട് വിനിയോഗിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. പത്താം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് പരീക്ഷയുമായി ബന്ധപ്പെട്ട് വരുന്ന രണ്ടാഴ്ച കാലത്ത് കുട്ടികളുടെ പഠനം മികവുറ്റതാക്കുക എന്ന ലക്ഷ്യത്തോടു കൂടി പരാമർശം (2) പ്രകാരം ഇന്റർവെൻഷൻ പ്രോഗ്രാം സംഘടിപ്പിക്കുന്നതിനായി കൊല്ലം ഡി.സി.പി.ഒ പ്രൊപ്പോസലും ആയതിൻ പ്രകാരം **42,750**/- രൂപയും ആവശ്യപ്പെട്ടിട്ടുണ്ട്.

ടി സാഹചര്യത്തിൽ ഇന്റർവെൻഷൻ പ്രോഗ്രാം സംഘടിപ്പിക്കുന്നതിനായി ആകെ **42,750/- രൂപ (നാൽപത്തി രണ്ടായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം)** ഓ.ആർ.സി.യുടെ ശീർഷകമായ **2235 – 02 – 102 – 36 (P) 01** ലെ **ഇന്റർവെൻഷൻ പ്രോഗ്രാം** എന്ന കംപോണന്റിൽ നിന്നും കൊല്ലം ഡി.സി.പി.ഒ. യ്ക്ക് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. ടി തുക ജില്ലാ വനിത ശിശു വികസന ഓഫീസർ മുഖാന്തിരം കൊല്ലം ഡി.സി.പി.ഒ. യ്ക്ക് അലോട്ട്മെന്റായി നൽകേണ്ടതാണ്.

കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസർ ഇന്റർവെൻഷൻ പ്രോഗ്രാമുകൾ 2021 മാർച്ച് 31 നു മുൻപായി പൂർത്തിയാക്കി ആയതിന്റെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

**(ഒപ്പ്)**
**വനിത ശിശു വികസന വകുപ്പ് ഡയറക്ടർ**
**& മെമ്പർ സെക്രട്ടറി,SCPS**

പകർപ്പ്:

1. **ജില്ലാ വനിത ശിശു വികസന ഓഫീസർ (കൊല്ലം)**
2. **ജില്ലാ ശിശു സംരക്ഷണ ഓഫീസർ (കൊല്ലം)**
3. **സൂപ്രണ്ട് എ സെഷൻ, വനിത ശിശു വികസന ഡയറക്ടറേറ്റ് (അലോട്ട്മെന്റ് നൽകുന്നതിനായി)**
4. ICPS 4 & **സ്റ്റോക്ക്ഫയൽ**

Website

**ഉത്തരവിൻ പ്രകാരം**

**പ്രോഗ്രാം മാനേജർ**